**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2078** **11-10-2021 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി മണ്ഡലത്തിലെ സി. എച്ച്.സി. യിൽ പ്രീഫാബ്ആശുപത്രിയുടെ (ഐസൊലേഷൻ വാർഡ്) നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂന്നാം തരംഗത്തെ നേരിടുന്നതിന് മുന്നോടിയായി ഒരു നിയോജകമണ്ഡലത്തിലെ ഒരു ആരോഗ്യ കേന്ദ്രത്തിൽ സ്ഥാപിക്കുന്ന പ്രീഫാബ് ആശുപത്രിയുടെ (ഐസൊലേഷൻ വാർഡ്) നിർമ്മാണം ഏത് ഏജൻസിയാണ് നിർവ്വഹിക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിൽപ്പെട്ട 140 ആരോഗ്യ സ്ഥാപനങ്ങളിൽ കിഫ്ബി, എം.എൽ.എ ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് 10 കിടക്കകൾ വീതമുള്ള പുതിയ ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനെയാണ് സ്പെഷ്യൽ പ്രപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിനുള്ള Request For Proposal (RFP) 23.09.2021 ന് കെ.എം.എസ്. സി.എൽ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജില്ലയിൽ ഏകോപനം വഹിക്കുന്നത് ആരാണെന്ന് വിശദമാക്കുമോ; | (ബി) | പ്രാരംഭ പ്രവർത്തനങ്ങളുടെ ഏകോപനം കിഫ്ബിയിൽ നിന്നുള്ള ടെക്നിക്കൽ റിസോഴ്സ് ടീമും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ പദ്ധതി വിഭാഗവുമാണ് നിർവഹിക്കുന്നത്. |
| (സി) | കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മേലടി സി.എച്ച്.സി യിൽ പ്രസ്തുത ആശുപത്രി നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ? | (സി) | മേലടി സാമൂഹികാരോഗ്യ കേന്ദ്രം ഉൾപ്പടെയുള്ള 140 ആരോഗ്യ സ്ഥാപനങ്ങളിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണത്തിനുള്ള Request For Proposal (RFP)23.09.2021 ൽ ക്ഷണിച്ചിട്ടുണ്ട്. RFP ലഭ്യമായ ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ